(ഡി) ഫോംഡ് റബ്ബർ, ലാമിനേറ്റഡ് ഷീറ്റ് തെർമോക്കോൾ, എക്സ്പാൻസ്ഡ് പോളിസ്റ്റൈറിൻ, മൈക്രോവേവ് ഓവൻ, പ്ലൈവുഡ്, ഹാർഡ്ബോർഡ്, ഒന്നാം പട്ടികയിൽ 123-ാം ഇനത്തിൽ വരാത്ത വിനീർ, റഫ്രിജറേറ്റർ, വാട്ടർ കൂളർ, എയർ കണ്ടീഷനിംഗ് പ്ലേറ്റ്, റൂം കൂളറും പാർട്ടുകളും, സിന്തറ്റിക് റബ്ബർ ഫോം, ഇവയുടെ ഉല്പന്നങ്ങൾ, ടൈപ്റൈറ്റർ, വാഷിംഗ് മെഷീൻ, ഡിഷ് വാഷർ, വാക്വം ക്ലീനർ, വോൾട്ടേജ് സ്റ്റെബിലൈസർ എന്നിവയിൻമേലാണ് വാല്യു ആഡഡ് ടാക്സ് ചുമത്തിയിരുന്നത്.

(ഇ & എഫ്) 1-4-1997 മുതൽ ഈ സമ്പ്രദായം നിർത്തലാക്കിയ സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കൊപ്രയുടെ താങ്ങുവില

17 (*225) ശ്രീ. എം. മുരളി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ലേക്കുള്ള കൊപ്രയുടെ താങ്ങുവില കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചുവോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) കൊപ്രയുടെ താങ്ങുവില എത്രയായി വർദ്ധിപ്പിക്കണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്നത് ;

(സി) നാളികേര ഉല്പാദനത്തിൽ എന്തെല്ലാം ഘടകങ്ങൾക്ക് എത്ര രൂപ വീതം വേണ്ടി വരുമെന്ന അടിസ്ഥാനത്തിലാണ് ഗവൺമെന്റ് പ്രസ്തുത വില താങ്ങുവിലയായി നിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടത് ;

(ഡി) കൊപ്ര സംഭരിക്കുന്നത് കൊണ്ട് കർഷകർക്ക് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുമോ ;

(ഇ) ഇല്ലാത്ത പക്ഷം കർഷകരിൽ നിന്നും നാളികേരം സംഭരിക്കുവാൻ ഏർപ്പാടുണ്ടാക്കുമോ;

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കാണിയാംപറമ്പിൽ) :

(എ) 2001 - ലേക്കുള്ള താങ്ങുവില കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടില്ല.

(ബി) 2001 സീസണിലേയ്ക്ക് ഒരു ക്വിന്റൽ മില്ലിംഗ് കൊപ്രയ്ക്ക് 4600 രൂപയും ഒരു ക്വിന്റൽ ഉണ്ട കൊപ്രയ്ക്ക് 4800 രൂപയും താങ്ങുവില പ്രഖ്യാപിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

(സി) 1. ഒരു വർഷം ഒരു ഹെക്ടർ തെങ്ങിൻ തോട്ടത്തിന്റെ സംരക്ഷണ ചെലവ് (ലേബർ, വളം, കീടനാശിനി, ജലസേചനം മുതലായവ) 37614 രൂപ

2. ഒരു വർഷത്തെ ഒരു ഹെക്ടറിൽ നിന്നുള്ള ശരാശരി ആദായം (നാളികേരം) 6188 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

3. അതുകൊണ്ട് ഒരു നാളികേരത്തിന്റെ ചെലവ് = 6.08 രൂപ (37614 ÷ 6188)

4. ഒരു ക്വിന്റൽ കൊപ്രയുണ്ടാക്കുന്നതിനുള്ള 685 നാളികേരത്തിന്റെ വില = 4165 രൂപ

5. ഒരു ക്വിന്റൽ കൊപ്രയുണ്ടാക്കുന്നതിനുള്ള ചെലവ് = 454 രൂപ

6. ആകെ 4619 രൂപ

7. ഒരു ക്വിന്റൽ മില്ലിംഗ് കൊപ്രയ്ക്ക് കേന്ദ്രത്തോട് ആവശ്യപ്പെട്ട തുക = 4600 രൂപ. ഇതിന്റെ അടിസ്ഥാനത്തിലാണ് താങ്ങുവില നിർണ്ണയിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളത്.

(ഡി & ഇ) ഇതിന്റെ പ്രയോജനം കർഷകർക്ക് പൂർണ്ണമായി ലഭിക്കുവാൻ കൊപ്രയുടെ താങ്ങു വിലയുമായി ബന്ധപ്പെടുത്തിയ നിലയ്ക്ക് നാഫെഡ് കർഷകരിൽ നിന്നും നാളികേരം സംഭരിക്കുന്നു. ഇതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

സർവ്വീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ

18 (*226) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാരുടെ ക്ഷേമം മുൻനിർത്തി എന്തെങ്കിലും പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ സർവ്വീസ് പെൻഷൻകാരുടെ കുടുംബക്ഷേമ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത കുടുംബക്ഷേമ പദ്ധതി എപ്രകാരം സംസ്ഥാനത്ത് നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത കുടുംബക്ഷേമ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതോടെ സർവ്വീസ് പെൻഷൻകാർക്ക് കൈവരുന്ന നേട്ടങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly